

# ശിഹാബ്ക്കയോട് ചോദിക്കാം



ഏറ്റവും ബുദ്ധി മനുഷ്യർക്കാണല്ലോ. എന്നിട്ടും പലർക്കുമുള്ള ബുദ്ധിയുടെ അളവ് വ്യത്യസ്തമാണല്ലോ ശിഹാബ്ക്കാ... എല്ലാ മനുഷ്യർക്കും ഒരേ ബുദ്ധിയല്ലേ?

**തമന്ന ജമാൽ**
ക്ലാസ് 9, പട്ടാമ്പി

പ്രിയപ്പെട്ട തമന്നാ,

ബുദ്ധിയുടെ അളവ് പോലെത്തന്നെ അതിന്റെ വിധത്തിലും സ്വഭാവത്തിലും മാറ്റമുണ്ട്.

ഒരാൾ കൊറോണക്ക് മരുന്ന് കണ്ടുപിടിക്കുന്നു. നല്ല ബുദ്ധി തന്നെ. ഒരാൾ ഒരു രാജ്യത്തെ മൊത്തം പുരോഗതിയിലേക്ക് നയിക്കുന്ന വിധമൊരു സാമ്പത്തിക ശാസ്ത്രം എഴുതിയുണ്ടാക്കുന്നു. അതും ബുദ്ധി തന്നെ. ഒരാൾ മനോഹരമായ ഒരു സിംഫണി ഉണ്ടാക്കുന്നു. വേറൊരാൾ ഗംഭീരമായ ചിത്രം വരച്ചുണ്ടാക്കുന്നു. മറ്റൊരാൾ ഒരു സോഫ്റ്റ് വെയർ ഉണ്ടാക്കുന്നു. ഇനി വേറെ വ്യക്തി അതിവേഗ മിസൈൽ ഉണ്ടാക്കുന്നു.. ശത്രുരാജ്യത്തെ യുദ്ധത്തിൽ തോൽപിക്കാൻ ശത്രുവിന് വലിയ വിനാശമുണ്ടാക്കുന്ന യുദ്ധോപകരണം ഉണ്ടാക്കുന്നു. ഇതെല്ലാം ബുദ്ധി തന്നെ. എന്നാൽ കൊറോണക്കെതിരെ വാക്സിൻ കണ്ടുപിടിക്കുന്നത് നന്മ. യുദ്ധോപകരണങ്ങൾ കണ്ടുപിടിച്ച് എതിർ രാജ്യത്തെ നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കാൻ അതിവേഗ വിമാനമയക്കുന്നത് തിന്മ.

നല്ല കാര്യങ്ങൾക്കായി ബുദ്ധി ഉപയോഗിക്കുന്നതിന് സൗന്ദര്യമുണ്ട്. ആളുകളെ കൊല്ലാനും ദ്രോഹിക്കാനുമുള്ള കണ്ടുപിടിത്തങ്ങൾ ചെയ്യുന്നതിൽ ബുദ്ധിയുണ്ടെങ്കിലും അതിൽ ഭംഗിയും സന്തോഷവുമില്ല. അതുകൊണ്ട് തമന്നാ, നമുക്ക് പരോപകാരപ്രദമായ കണ്ടുപിടിത്തം നടത്താം. അല്ലേ?

ശിഹാബ്ക്കാ.. ഇപ്പോൾ ഞങ്ങളെല്ലാം ഓൺലൈൻ പഠനത്തിലാണ്. സ്കൂളിന്റെ രസങ്ങളൊക്കെ ഇപ്പോഴാണ് ശരിക്കും മനസ്സിലാവുന്നത്. ശിഹാബ്ക്കായുടെ സ്കൂൾ കാലത്തെ ഓർമകൾ പങ്കുവെക്കാമോ..?

**ജലീൽ സിദ്ധീഖ്**
ക്ലാസ് 9, തൃപ്രയാർ

നോബൽ സമ്മാനം നേടിയ ആദ്യത്തെ ഏഷ്യക്കാരി – മദർ തെരേസ

പ്രിയപ്പെട്ട ജലീൽ,

ഈ കോവിഡ് കാലത്തിന്റെ പരിമിതിയെ മറന്നു കൊണ്ട് കഠിനമായി പരിശ്രമിക്കുക. അത് മാത്രമാണ് വഴി. അതിന്നായി മനസ്സിനെ സജ്ജമാക്കുക.

**ഇനി ശിഹാബ്ക്കയുടെ സ്കൂൾ കാലം**

ഞങ്ങൾ കുട്ടികൾക്ക് അന്ന് സ്കൂൾ ബസ്സോ യൂണിഫോമോ ഉണ്ടായിരുന്നില്ല. പ്രൈമറി സ്കൂൾ കഴിഞ്ഞ് 3 കിലോമീറ്ററോളം അകലെയുള്ള വലിയ സ്കൂളിലേക്ക് ചേർത്തപ്പോൾ മിക്കവാറും 'കാൽനട സർവീസ്' തന്നെ ശരണം.

അപൂർവ്വമായേ ബസ് ഉണ്ടായിരുന്നുള്ളൂ. ഇനി ഉണ്ടെങ്കിലും സ്കൂൾ പാസ് ഉപയോഗിച്ചു ബസ് യാത്ര ചെയ്യാനുള്ള ചെറിയ ചാർജായ 10 പൈസ കൊടുക്കാൻ പലപ്പോഴും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞങ്ങൾ കുട്ടികൾ 'കാൽനട സർവീസായി'ട്ടാണ് സ്കൂളിൽ പോയിരുന്നത്.

അത് നന്നായി എന്ന് ഇപ്പോൾ തോന്നുന്നു.

**കാരണം അറിയേണ്ടേ?**

പോകുന്ന വഴിക്ക് നിറയെ നെൽപാടമുണ്ടായിരുന്നു. ഒന്ന് വെട്ടിച്ച് നോക്കിയാൽ പുഴ കാണാമായിരുന്നു. അതിലെ വേലിയേറ്റവും വേലിയിറക്കവും കാണാമായിരുന്നു. കുഞ്ഞുമീനുകൾ തുള്ളിച്ചാടുന്നത് കാണാമായിരുന്നു. ചെറു ഞണ്ടുകളുടെ ജീവിതം കാണാമായിരുന്നു. ഇടയ്ക്ക് വന്നുചേരുന്ന ദേശാടനപ്പക്ഷികളെ കാണാമായിരുന്നു.

വഴിയിൽ പുല്ല് മേയുന്ന പശുക്കളെയും അതിന്റെ അകിടിൽ നിന്ന് പാൽ കുടിക്കാൻ ശ്രമിക്കുന്ന കുഞ്ഞുങ്ങളെയും കാണാമായിരുന്നു. വയലിൽ ഇളക്കിയ നനവുള്ള മണ്ണിൽ പാകിയ നെൽവിത്തുകളുടെ ഇളം പച്ചയുള്ള പുൽനാമ്പിനെ കാണാമായിരുന്നു. ഓരോ ദിവസവും അതുവഴി പോകുമ്പോൾ അതിങ്ങനെ വളർന്നു വലുതാകുന്നത് കാണാമായിരുന്നു. വളർന്നു വലുതായ നെൽച്ചെടിക്കരികെ വന്നിരിക്കുന്ന വെളുത്ത കൊക്കുകളെ കാണാമായിരുന്നു.

പച്ച നിറമുള്ള കതിരുകൾ മൂത്ത് സ്വർണ നിറമായി മാറുന്നത് കാണാമായിരുന്നു. കാറ്റടിക്കുമ്പോൾ അതിന്റെ മണം എങ്ങും പരന്നിരുന്നു. പിന്നീട് അത് കുനിഞ്ഞിരുന്ന് നിരനിരയായി കൊയ്യുന്നവരെ കാണാമായിരുന്നു. അവരുടെ വയൽപ്പാട്ടുകൾ കേൾക്കാമായിരുന്നു. ചുരുക്കത്തിൽ പ്രകൃതിയുടെ ഓരോ മാറ്റവും വളർച്ചയും ഞങ്ങൾക്ക് ഹൃദിസ്ഥമായിരുന്നു. സ്കൂളൊക്കെ ഒരു വകയായിരുന്നെങ്കിലും പഠിപ്പിച്ച യഥാർത്ഥ അധ്യാപകർ ഇങ്ങനെ നമ്മൾ നടന്നുപോയ വഴികളായിരുന്നു.

അന്ന് മതിലുകൾ ഉണ്ടായിരുന്നില്ല. കൂടിയാൽ വേലികൾ കാണാം. എല്ലാവരും എല്ലാ പറമ്പിലൂടെയും പോയിരുന്നു. മഴ വന്നാൽ കുടയില്ലാത്ത ഞങ്ങൾ കുട്ടികൾക്ക് ഏത് വീടിന്റെ ഇറയിലേക്കും ഓടിക്കയറാമായിരുന്നു. അതിന് ഹിന്ദുവിന്റെ വീടെന്നോ മുസൽമാന്റെ വീടെന്നോ വ്യത്യാസമില്ലായിരുന്നു. ഗ്രാമത്തിൽ എല്ലാവർക്കും എല്ലാവരേയും അറിയുമായിരുന്നു.

അതെ, ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ യഥാർത്ഥ വിദ്യാഭ്യാസം തന്നത് സ്കൂളല്ല, ഈ വഴികളാണ് എന്നു തന്നെയാണ് മനസ്സിലാവുന്നത്.

പരിസ്ഥിതി കമാന്റോകൾ എന്നറിയപ്പെടുന്ന പരിസ്ഥിതി സംഘടന– ഗ്രീൻപീസ്